# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *301 17/10/2016 -ൽ മറുപടിക്ക്

## സംസ്ഥാനത്തെ പേവിഷ മുക്തമാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.എം. നൗഷാദ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | തെരുവ് നായ്ക്കൾ ഉൾപ്പെടെ അലഞ്ഞു തിരിയുന്ന മൃഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനോടൊപ്പം പേ ബാധിത മൃഗങ്ങളുടെ കടിയേൽക്കുന്നവരുടെ എണ്ണവും വർദ്ധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനം പേ-വിഷമുക്തമോ പേവിഷ നിയന്ത്രി-തമോ ആക്കാനായി എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | നായ്ക്കളുടെയും മറ്റ് മൃഗങ്ങളുടെയും കടിയേൽക്കുന്നവർക്കുള്ള രോഗ പ്രതിരോധ കുത്തിവെയ്പ്പുകളും ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പ് ചെയ്തുവരുന്നു. വർദ്ധിച്ചു വരുന്ന തെരുവുനായശല്യവും അവയുടെ കടിയേറ്റ് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി വരുന്ന രോഗികളുടെ എണ്ണവും പേവിഷ പ്രതിരോധ മരുന്നുകളുടെ ആവശ്യക-തയും മുൻനിർത്തിക്കൊണ്ട് വാർഷിക ഇൻഡന്റിനതീതമായി ആശുപത്രികൾ ആവശ്യപ്പെടുന്ന തോതിലുള്ള മരുന്ന് വിതരണം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്തുവരുന്നു. പേവിഷ പ്രതിരോധത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന റാബീസ് വാക്സിൻ, ഇക്യൂൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ എന്നീ ഇനം മരുന്നുകളാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. മുൻ കാലങ്ങളിൽ മെഡിക്കൽ കോളേജ് മുതൽ താലൂക്ക് ആശുപത്രി വരെ വിതരണം ചെയ്തിരുന്ന ഇക്യൂൻ ആന്റിറാബീസ് |

| | | | |
|---|---|---|---|
| | | | ഇമ്മ്യൂണോഗ്ലോബുലിൻ എന്ന ഇനം, പട്ടികടിയേറ്റ് വരുന്നവരുടെ ഗണ്യമായ വർദ്ധനവിനെത്തുടർന്ന് പ്രാഥമിക തലത്തിലെ തിരഞ്ഞെടുത്ത് ആശുപത്രികളിലും ലഭ്യമാക്കി കഴിഞ്ഞു.<br>സംസ്ഥാനത്തെ എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ വാക്സിൻ മൃഗസംരക്ഷ വകുപ്പ് മുഖേന നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഒക്ടോബർ 31-ഓടെ ഒന്നാം ഘട്ടം വാക്സിനേഷൻ പൂർത്തിയാകും. രണ്ടാം ഘട്ടമായി എല്ലാ തെരുവ് നായ്ക്കൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ വന്ധ്യംകരണ (ABC) ശസ്ത്രക്രീയാ പദ്ധതിയ്ക്ക് തുടക്കമായി. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തിരഞ്ഞെടുത്ത 51 മൃഗാശുപത്രികളിൽ ശസ്ത്രക്രീയ നടത്തുവാനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>തെരുവ് നായ്ക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് അത് നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും നടത്തി വരുന്നുണ്ട്. |
| (ബി) | വർദ്ധിച്ച് വരുന്ന ആവശ്യത്തിനനുസരിച്ച് പേവിഷത്തിനുള്ള വാക്സിൻ ലഭ്യമാക്കിയിട്ടുണ്ടോ; | ബി) | നിലവിലെ സാഹചര്യം കണക്കിലെടുത്ത് ആശുപത്രികൾ ആവശ്യപ്പെടുന്ന എണ്ണം വാക്സിനുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരണശാലകളിൽ നൽകി വരുന്നു. പേവിഷ പ്രതിരോധ മരുന്നുകൾക്കും |

യാതൊരു കാരണവശാലും ദൗർലഭ്യം നേരിടാനുള്ള സാഹചര്യം ഉടലെടുക്കാൻ അനുവദിച്ചിട്ടില്ല.

2016-17 ൽ ഇക്യൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ 1.71 കോടി രൂപ മൂല്യമുള്ള തോതാണ് ആശുപത്രികൾ ആവശ്യപ്പെട്ടിരുന്നത്. ഇതിനെതിരെ നാളിതുവരെ 1.1 കോടി രൂപ മൂല്യമുള്ള മരുന്നുകൾ ആശുപത്രികൾക്ക് നൽകി കഴിഞ്ഞു. ഇതിനുപുറമെ 25 ലക്ഷം മൂല്യമുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരണ ശാലകളിൽ ലഭ്യമാണ്. ടി ഇനത്തിന് 40 ലക്ഷം രൂപയുടെ തുടർ വിതരണാനുമതി നൽകി കഴിഞ്ഞു.

2016-17 ൽ റാബീസ് വാക്സിൻ 4.3 കോടി രൂപ മൂല്യമുള്ള തോതാണ് ആശുപത്രികൾ ആവശ്യപ്പെട്ടിരുന്നത്. നാളിതുവരെ 2.3 കോടി രൂപ മൂല്യമുള്ള മരുന്നുകൾ ആശുപത്രികൾക്ക് നൽകി കഴിഞ്ഞു. ഇതിനുപുറമെ 65 ലക്ഷം മൂല്യമുള്ള മരുന്നുകൾ കോർപ്പറേഷൻ സംഭരണ ശാലകളിൽ ലഭ്യമാണ്. ടി ഇനത്തിന് 31 ലക്ഷം രൂപയുടെ തുടർ വിതരണാനുമതി നൽകി കഴിഞ്ഞു.

പേവിഷ പ്രതിരോധ പദ്ധതി ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പ്ലാനിംഗ് ബോർഡിൽ നിന്നും ആന്റി റാബീസ് ക്യാംപെയിനിന്റെ ഭാഗമായി ലഭിച്ച 5 കോടി രൂപ മൂല്യം വരുന്ന പേവിഷ പ്രതിരോധ മരുന്നുകളുടെ അധിക സംഭരണത്തിനായുള്ള നടപടി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആരംഭിച്ച കഴിഞ്ഞു.

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തു തന്നെ ഇത്തരം വാക്സിൻ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | സി) | ആരോഗ്യ വകുപ്പിന്റെ കീഴിൽ വാക്സിൻ നിർമ്മാണത്തിനുള്ള പദ്ധതികളൊന്നും പരിഗണനയിലില്ല. എന്നാൽ മൃഗങ്ങൾക്കുവേണ്ടിയുള്ള വാക്സിൻ മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽ എന്ന സ്ഥാപനം മുഖേന നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ഡി) | പേവിഷ നിർണ്ണയത്തിനുള്ള ആധുനിക സൗകര്യം സംസ്ഥാനത്ത് എവിടെയെങ്കിലുമുണ്ടോ; ഈ സൗകര്യം ജില്ലയിൽ ഒന്നുവീതമെങ്കിലും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും പേവിഷബാധയുടെ രോഗ നിർണ്ണയത്തിനുള്ള സംവിധാനങ്ങൾ നിലവിൽ ഇല്ല. മൃഗസംരക്ഷണ വകുപ്പിന്റെ പാലോട് പ്രവർത്തിക്കുന്ന ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലും തിരുവല്ലയിലെ റീജിയണൽ ലബോറട്ടറിയിലും കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലും മൃഗങ്ങളിലെ പേവിഷ നിർണ്ണയത്തിനുള്ള സൗകര്യം ലഭ്യമാണ്. ഇതു കൂടാതെ പാലക്കാടും കണ്ണൂരും ഉള്ള ലബോറട്ടറികളിൽ ഇതിനുള്ള സൗകര്യം ഒരുക്കിവരുന്നു. |

സെക്ഷൻ ഓഫീസർ